**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **04-10-2021 - ൽ മറുപടിയ്ക്ക്**

**സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി മൂലം സമാന്തര വിദ്യാഭ്യാസ മേഖല വലിയ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ എൻടൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (എ) | ആരോഗ്യമേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്ന വിദഗ്ധ സമിതി ചെയർമാനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് മീറ്റിംഗിലാണ് കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് ഓരോ ഘട്ടത്തിലും ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ നിയന്ത്രണം ബാധകമാക്കുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതനുസരിച്ച് ഇളവ് നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും 04.10.2021 മുതൽ തുറന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥതിഗതികൾ മെച്ചപ്പെടുന്ന മുറയ്ക്ക് എൻടൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്ന കാര്യം ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിംഗിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ